# Prathap Thuruthumalil CMI

**Preshitharam, Mannuthy**

## ആരും അറിയാതെ പോകരുത്; മനസ്സിലാക്കാതെ പോകരുത്



ഞാൻ ആദ്യമായി വിനീത് അച്ചനെ കാണുന്നത് 1999 ആലുവയിൽ വച്ചാണ്. സി.എം.ഐ. സഭയുടെ ആ കാലഘട്ടത്തിലെ പ്രശസ്തിയാർജ്ജിച്ച പ്രമുഖരിൽ ഒരാളാണെന്ന് ഒരു സി.എം.ഐ. വൈദികൻ എന്നെ പരിചയപ്പെടുത്തി. കൂടാതെ എല്ലാവർക്കും ഇഷ്ടമുള്ള അധ്യാപകൻ എന്നും കൂട്ടിച്ചേർത്തു.

കുർത്തയും പാൻറും, പിന്നെ ഒരു ഷാളും ധരിച്ച ഒരു സാധാരണ സന്യാസി. ആ കാലയളവിൽ പല വ്യക്തികളെയും ഞാൻ കണ്ടിട്ടുണ്ട്: അറിവുള്ളവർ, ചിന്തകന്മാർ, എഴുത്തുകാർ, അധ്യാപകർ എന്നിങ്ങനെ പലരെയും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും വ്യത്യസ്തമായ ഒരു അനുഭവമാണ് ഞാൻ വിനീതച്ചനിൽ കണ്ടിട്ടുള്ളത്. ശാന്ത സ്വഭാവവും എന്നാൽ തെറ്റ് കണ്ടാൽ അത് തെറ്റാണ് എന്ന് ഉറക്കെ പറയാനുള്ള ധൈര്യവും, എന്നാൽ അതിലേറെ കരുണയും സ്നേഹവും നിറഞ്ഞ വിനീതഭാവത്തിന് ഉടമയാണ് വിനീതച്ചൻ. മനസ്സിലാക്കണമെങ്കിൽ ബുക്കിലൂടെ, എഴുത്തുകളിലൂടെ മാത്രം പോരാ; അദ്ദേഹത്തിൻെറ കൂടെ ജീവിക്കണം. എങ്കിൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. വളരെയേറെ ലേഖനങ്ങളിലൂടെ കുറച്ചു കാര്യങ്ങൾ മാത്രമേ പങ്കുവയ്ക്കാൻ സാധികുകയുള്ളൂ; പരിമിതികളുണ്ട്. എന്നാൽ ഈ വിശുദ്ധ ജീവിതം ലോകം അറിയാതെ പോകരുത്, അനുകരിക്കാതെ പോകരുത് എന്ന് തോന്നുകയാൽ ഇത് ഇവിടെ എഴുതുന്നു; ചില കാര്യങ്ങൾ എടുത്ത് കാണിക്കാൻ പരിശ്രമിക്കുന്നു.

### വിനീത ഭാവം

വിനീത ഭാവത്തിന് ഉടമയാണ് എന്ന് തൻെറ ജീവിതലാളിത്യം തന്നെ കാണിച്ചു തരുന്നുണ്ട്. ഒരിക്കൽ തന്നെ ശുശ്രൂഷിക്കേണ്ടവർ ചെയ്യേണ്ട കാര്യം ചെയ്തില്ല; അധികാരികൾ ജോലിക്കാരനോട് ചോദിച്ചു, എന്താണ് ചെയ്യാഞ്ഞത് എന്ന്. വഴക്കു പറയുന്നത് മനസ്സിലാക്കിയ അച്ചൻ, വഴക്ക് പറയരുത് എന്ന് അധികാരികളോട് അപേക്ഷിച്ചു. കൂടാതെ ആ ജോലിക്കാരൻ ചെയ്യേണ്ട ജോലി അച്ചൻ തന്നെ പിന്നീട് ചെയ്യുകയും ചെയ്തു. അതു മാത്രമല്ല; കൂടെയുള്ളവർക്ക് വേണ്ട പരിഗണന കിട്ടണം എന്നുള്ള ആഗ്രഹവും ഉണ്ടായിരുന്നു. ചില സമയങ്ങളിൽ അച്ചൻ പറയുന്ന ഒരു വാചകം ഇപ്രകാരമാണ്: എൻെറ കമ്പാനിയൻസിന് ഞാൻ മൂലം ബുദ്ധിമുട്ട് ഉണ്ടായാൽ, ഞാൻ മാതാവിനോട് പറയും എൻെറ കാര്യം മറക്കരുത് എന്ന്. അപ്പോൾ തന്നെ മാതാവും രക്തസാക്ഷികളായ സിസ്റ്റേഴ്സും വന്ന് എന്നെ കൊണ്ടു

പോകും. തൻെറ വാക്കുമൂലമോ പ്രവൃത്തിമൂലമോ, മറ്റൊരാൾക്ക് ഉപദ്രവം ആകാതിരിക്കാൻ അച്ചൻ വലിയ ശ്രദ്ധ ചെലുത്തിയിരുന്നു. ഒരിക്കൽ ഞാൻ തന്നെ അച്ചൻെറ എളിമകടൽ കാണാൻ അച്ചനോട് പറഞ്ഞു: അച്ചൻ എന്നോട് ദേഷ്യപ്പെട്ടു, എന്നെ വഴക്കു പറഞ്ഞു എന്ന്. ഞാൻ പറയുമ്പോഴേക്കും, അച്ചൻ പറഞ്ഞു: "ഞാൻ ഒരിക്കലും അത് ചെയ്യാൻ പാടില്ല; മാതാവ് എന്നിൽ നിന്ന് അത് ആഗ്രഹിക്കുന്നില്ല; എന്നോട് ക്ഷമിക്കണം." ഞാൻ ഉടനെ തന്നെ അച്ചനോട് പറയും: "അച്ചൻ അങ്ങനെയൊന്നും ചെയ്തില്ല; ചെയ്തിട്ടില്ല; ഞാൻ തമാശ ഉണ്ടാക്കാൻ പറഞ്ഞതാണ്." എന്നാലും അച്ചൻ പറയും: "ഞാൻ അങ്ങനെയൊന്നും ചെയ്യാൻ പാടില്ല; മാതാവിനോട് മാപ്പ് പറയാൻ ഞാൻ പള്ളിയിൽ പോവുകയാണ്." വിശുദ്ധരുടെ രൂപം വെക്കുന്ന ഇടം ഏറ്റവും ഭംഗിയായി നോക്കാനും, അവിടെ പൊടിയോ പൂക്കൾ ഉണങ്ങിയതോ കണ്ടാൽ എപ്പോഴും വൃത്തിയാക്കുന്നനും അച്ചൻ തന്നെ ശ്രദ്ധിച്ചിരുന്നു.



## മാതൃഭക്തി

വീട്ടിൽ അമ്മയോട് വലിയ ഇഷ്ടം ഉണ്ടായിരുന്നു; ആ ഇഷ്ടം തന്നെയാണ്, അല്ലെങ്കിൽ അതിനേക്കാൾ കുറച്ചുകൂടി, എന്ന് വിശേഷിപ്പിക്കാം മാതാവിനോട് ഉണ്ടായിരുന്ന ഇഷ്ടം. മാതാവിൻെറ മുമ്പിൽ ഒരു കുഞ്ഞിനെ പോലെ തന്നെ എല്ലാം പങ്കുവെച്ച് ധ്യാനനിമഗ്നനായി പുഞ്ചിരിതൂകി കൊണ്ട്, മാതാവിനെ അങ്ങനെ നോക്കിയിരിക്കും. അപ്പോൾ മുഖത്ത് വലിയ പ്രകാശം കണ്ടിട്ടുണ്ട്. ചിലപ്പോഴൊക്കെ തലയാട്ടുന്നതും കണ്ടിട്ടുണ്ട്. നമ്മുടെ സഭയിലെ വിനീത് അച്ചൻ അറിയുന്ന അച്ചന്മാർക്ക് രോഗമാണെന്ന് പറയുമ്പോൾ, അച്ചൻ പള്ളിയിലേക്ക് പോയി മാതാവിനോട് പറയാം, മാതാവ് വേണ്ട പോലെ ചെയ്യട്ടെ എന്നും പറയും; അപ്പോൾ തന്നെ പള്ളിയിൽ പോയി പ്രാർത്ഥിക്കുന്നതായും കണ്ടിട്ടുണ്ട്. പ്രാർത്ഥിക്കാം എന്ന് ആരോടും ഒരു പാഴ്‌വാക്കായി പറയരുതെന്ന് അച്ചൻ ജീവിതത്തിലൂടെ കാണിച്ചു തരുന്നു. രോഗത്തിൻെറ അവസ്ഥകളിൽ പോലും വേദന പ്രകടിപ്പിക്കാതെ മാതാവിനെ വിളിക്കും: എൻെറ അമ്മെ! മമ്മ മിയ! അച്ചൻ ഇടയ്ക്ക് പാടാറുള്ള കവിത താഴെ കൊടുക്കുന്നു: "അമ്മേ, അമ്മേ, മാതാവേ! സ്ത്രീകളിൽ ധന്യേ നിയ്യല്ലോ; പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. യേശുവിൻ അമ്മേ, മാതാവേ, കർമ്മല മലയിലെ




നിർമ്മലയെ, കനക കണ്മണി കന്യകയെ, പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. യേശുവിൻ അമ്മ നീയല്ലോ." മാതാവാണ് എൻെറ വെളിച്ചം എന്ന് എപ്പോഴും പറയും. ഓർമ്മ അധികം ഇല്ലാത്തസമയങ്ങളിൽ പോലും പള്ളിയിൽ മാതാവിൻെറ നേരെ കണ്ണും നട്ടിരിക്കുന്ന അച്ചനെ കണ്ടിട്ടുണ്ട്. മാതാവിൻെറ നേരെയുള്ള ലൈറ്റ് ഇടണമെന്ന് അച്ചനും വലിയ നിർബന്ധമുണ്ടായിരുന്നു. മാത്രമല്ല പള്ളിയുടെ മുൻപിൽ കൂടെ നടന്നു പോകുമ്പോൾ മാതാവിൻെറ അരികത്ത് ലൈറ്റ് ഇല്ലായെങ്കിൽ, മറ്റുള്ളവരോട് ഇടണം എന്ന് പറയുകയും ചെയ്യുമായിരുന്നു.

## അധികാരികളോടുള്ള വിധേയത്വം

അച്ചൻെറ ജീവിതത്തിൽ എന്നെ ആകർഷിച്ചിട്ടുള്ള ഒരു ഗുണമാണ് അധികാരികളോട് ഉള്ള വിധേയത്വം. അച്ചൻ എപ്പോഴും പറയുക, സഭ എന്നെ വളർത്തി, സഭ എന്നെ പഠിപ്പിച്ചു എന്നാണ്. മാത്രമല്ല, ഏത് കാര്യങ്ങൾക്കും അധികാരികളോട് ചേർന്നുള്ള കൂടിയാലോചന, എല്ലാവരോടും വിധേയപ്പെടുന്ന ഒരു വലിയ സ്വഭാവം, കണ്ടിട്ടുണ്ട്. ഓർമ്മ അധികമില്ലാത്ത സമയത്തും വിനീത് അച്ചന് വിദ്യാവനത്തിൽ പോകണം, ആശ്രമത്തിൽ പോകണം എന്ന് പറയുമായിരുന്നു. അങ്ങനെ പറയുന്നതുകൊണ്ട്, ഞാൻ ഒരിക്കൽ പറഞ്ഞു: പ്രൊവിൻഷ്യൽ അച്ചൻ മൂന്നു വർഷത്തേക്കുള്ള അപ്പോയിന്മെൻറ് ആണ് തന്നിരിക്കുന്നത്; മൂന്നുവർഷം കഴിഞ്ഞാൽ മാത്രമേ പോകാൻ സാധികുകയുള്ളൂ എന്ന് പറയുമ്പോൾ അച്ചൻ പറയും: "അങ്ങനെയാണെങ്കിൽ, ഞാൻ അത് അനുസരിക്കുന്നു."

## പ്രാർത്ഥനയുടെ മനുഷ്യൻ

എല്ലാവരെയും ഒരുപോലെ കാണാൻ, സ്നേഹിക്കാൻ, എല്ലാവരെയും വളർത്താൻ, എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്ന സ്വഭാവമായിരുന്നു വിനീത് അച്ചൻേറത്: കരുതലും കരുണയും ഒത്തുചേർന്ന് ഇണങ്ങിയ ഒരു സ്വഭാവം. വിശുദ്ധരോടും വാഴ്ത്തപ്പെട്ടവരോടും ഒരു വലിയ മാധ്യസ്ഥം അച്ചൻെറ മേശക്കരുകിൽ എപ്പോഴുമുണ്ടായിരുന്നു. ചിലപ്പോൾ അവരോട് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും; അവരെക്കുറിച്ചുള്ള വിവരങ്ങൾ ആരു വന്നാലും പറഞ്ഞു കൊടുക്കാറുണ്ട്. ഇനിയും ഒത്തിരി കാര്യങ്ങൾ ഈ വിശുദ്ധനെ കുറിച്ച് പറയാനുണ്ട്. ആരും അറിയാതെ പോകരുത്; മനസ്സിലാക്കാതെ പോകരുത്. ജീവിതത്തിലെ നല്ല പുണ്യങ്ങൾ സ്വീകരിക്കാതെയും പോകരുത്. സ്വർഗ്ഗത്തിൽ വിശുദ്ധരുടെ കൂട്ടായ്മയിൽ ആയിരിക്കുന്ന വിനീത് അച്ചാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ!